ചാർജ് കുറവായിരിക്കും. അത്രയും ആശ്വാസം കിട്ടും. അതോടൊപ്പം തന്നെ ഇവിടെ ചെലവ് കുറഞ്ഞ വിമാന സർവ്വീസ് നടത്താൻവേണ്ടി എയർ അറേബ്യ മുന്നോട്ടു വന്നിട്ടുണ്ട്. കേന്ദ്ര വ്യോമയാന മന്ത്രിയെ ഞാൻ നേരിട്ടു കണ്ടു സംസാരിച്ചു. അദ്ദേഹം അനുഭാവപൂർവ്വമായ മറുപടിയാണ് തന്നിരിക്കുന്നത്. എയർ ഇൻഡ്യ എക്സ്പ്രസ് സർവ്വീസ് തുടങ്ങിയതിനുശേഷം ഈ കാര്യം പരിഗണിക്കുമെന്നുള്ള ഉറപ്പ് തന്നിട്ടുണ്ട്. അതുകൊണ്ട് വളരെ പ്രതീക്ഷയോടുകൂടി നമ്മൾ കാത്തിരിക്കുകയാണ്. അതുപോലെ തന്നെ എംബസികളിൽ മലയാളി ഉദ്യോഗസ്ഥൻമാർ വേണം എന്നുള്ള ആവശ്യം ഏറ്റവും ന്യായമായിട്ടുള്ളതാണ്. കഴിഞ്ഞ ദിവസം ഞാൻ ഇവിടെ ഇക്കാര്യം പറഞ്ഞിരുന്നു. കേന്ദ്ര സഹമന്ത്രി ശ്രീ. ഇ. അഹമ്മദിന്റെ ശ്രദ്ധയിൽ ഈ വിഷയം പെടുത്തിയിട്ടുണ്ട്; അദ്ദേഹം ആ ഒരു നല്ല സമീപനം സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഏറ്റവും വേഗം ഈ കാര്യത്തിൽ തീരുമാനമെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. പതിനാറു ലക്ഷത്തോളം വരുന്ന ആളുകളുടെ കണക്കാണ് നമുക്ക് ഇപ്പോൾ ഉള്ളത്. കൂടെക്കൂടി വ്യക്തമായ കണക്കുകൾ ശേഖരിക്കുന്നതിനുള്ള നടപടി നോർക്ക വഴി നടത്തും

(6) പേറ്റന്റ് ഭേദഗതി ഓർഡിനൻസും വിത്തുബില്ലും കാർഷിക മേഖലയിൽ ഉണ്ടാക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ

ശ്രീ. പി. സി. ജോർജ് : സർ. കേന്ദ്ര ഗവൺമെന്റ് രാജ്യസഭയിൽ അവതരിപ്പിച്ച വിത്ത് നിയമവും കേന്ദ്രം പുറപ്പെടുവിച്ചിരിക്കുന്ന പേറ്റന്റ് ഭേദഗതി ഓർഡിൻസും കേരളത്തിലെ കർഷക സമൂഹത്തെ ദുരിതത്തിലാക്കാൻ പോവുകയാണ്. ഈ കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനുവേണ്ടി രാജ്ഭവന്റെ മുൻപിൽ കേരള കോൺഗ്രസ് പാർട്ടി ഉപവാസം അനുഷ്ഠിക്കുകയാണ്. കേരളത്തിലെ കൃഷി യോഗ്യമായ 29.76 ലക്ഷം ഹെക്ടർ സ്ഥലത്ത് 6298389 കർഷകർ കൃഷി ചെയ്യുന്നതായി സംസ്ഥാന സാമ്പത്തിക അവലോകനം വെളിപ്പെടുത്തുന്നു. അതിൽ 3.1 ലക്ഷം ഹെക്ടർ സ്ഥലത്ത് നെല്ലും 2.08 ഹെക്ടർ സ്ഥലത്ത് കുരുമുളകും 1 ലക്ഷം ഹെക്ടർ സ്ഥലത്ത് കപ്പയും 8.99 ലക്ഷം ഹെക്ടർ സ്ഥലത്ത് തെങ്ങും 4.76 ഹെക്ടർ സ്ഥലത്ത് റബ്ബറും 1.09 ലക്ഷം ഹെക്ടർ സ്ഥലത്ത് വാഴയും കൃഷി ചെയ്യുന്നു. കർഷകർ സ്വന്തം കൃഷിയിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളിൽ നിന്ന് നല്ലത് എടുത്ത് വിത്താക്കി അടുത്ത വിളവെടുപ്പിനുവേണ്ടി ഉപയോഗിക്കുകയാണ്. പുതിയ വിത്ത് നിയമം പ്രാബല്യത്തിൽ വരുമ്പോൾ കർഷകർക്ക് സ്വന്തമായി ഇങ്ങനെ ചെയ്യാൻ സാധിക്കില്ല ഡൽഹി ആസ്ഥാനമാക്കി സ്ഥാപിച്ചിരിക്കുന്ന സെൻട്രൽ സീഡ് കമ്മിറ്റിയിലും സംസ്ഥാന തലത്തിൽ സ്റ്റേറ്റ് സീഡ് കമ്മിറ്റിയിലും രജിസ്റ്റർ ചെയ്താലേ ഇനി മുതൽ കർഷകർക്ക് സ്വന്തം സ്ഥലത്ത് ഒരു വാഴയെത്ത നടാൻപോലും സാധിക്കുകയുള്ളൂ. ഈ രണ്ട് കമ്മിറ്റികളിലും രജിസ്റ്റർ ചെയ്യണമെന്നാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നത്. അതുപോലെ തന്നെ കേരളത്തെ ഞെട്ടിച്ച സുനാമി ഏറ്റവും കൂടുതൽ ബാധിക്കാൻ പോകുന്നത് കേരളത്തിലെ കർഷകരെയാണ്. ജനസംഖ്യയുടെ 60 ശതമാനം, കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന 6298389 കർഷകരിൽ 2555000-ത്തോളം കർഷക

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾ പണിയെടുക്കുന്ന ഈ കേരളത്തിലാണ് ഈ വിത്ത് ബിൽ ഏറ്റവും കൂടുതൽ ആഘാതം സൃഷ്ടിക്കാൻ പോകുന്നത്. അതുകൊണ്ട് വിത്ത് ബില്ലും പേറ്റന്റ് നിയമവും കേരള സംസ്ഥാനത്തെയാണ് ഏറ്റവും കൂടുതൽ ബാധിക്കുമെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയുടെ വികാരം എന്ന നിലയിൽ ഒരു പ്രമേയമെങ്കിലും പാസാക്കി കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ സമർപ്പിക്കുന്നതിന് മുൻകൈ എടുക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സീഡ് ബിൽ രാജ്യസഭയുടെ പരിഗണനയിലിരിക്കുകയാണ്. രാജ്യസഭ കൂടി പാസ്സാക്കിയാലേ അത് നിയമം ആകുകയുള്ളൂ. കഴിഞ്ഞദിവസം ശ്രീ. സി.പി. മുഹമ്മദ് ഇവിടെ ഒരു സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ഞാൻ മറുപടി പറഞ്ഞിരുന്നു. അതിനെക്കുറിച്ച് പഠിക്കാനുള്ള സംവിധാനം ഉടനെതന്നെയുണ്ടാക്കി അതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും പഠിച്ചുകഴിഞ്ഞതിനുശേഷം അതിൻമേൽ ഒരു തീരുമാനം എടുക്കുമെന്ന് പറഞ്ഞിരുന്നു. അതനുസരിച്ച് ഒരാഴ്ചയ്ക്കകം റിപ്പോർട്ടു തരാൻ പറഞ്ഞുകൊണ്ട് സ്പൈസസ് ബോർഡ് ചെയർമാൻ ചെയർമാനായും, W.T.O.സ്പെഷ്യൽ ഓഫീസർ കൺവീനറായും, കൃഷി ഡയറക്ടർ മെമ്പറായും ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. അവർ സീഡ് ബില്ലും 1966-ലെ സീഡ് ആക്ടും തമ്മിൽ താരതമ്യപഠനം നടത്തി പുതിയ ബിൽ കർഷകരെ ഏതു രീതിയിലൊക്കെ ബാധിക്കും എന്നുള്ളതിനെക്കുറിച്ചൊക്കെ പഠിച്ച് ഒരു ആഴ്ചയ്ക്കകം റിപ്പോർട്ട് തരും. ആ റിപ്പോർട്ട് നോക്കി അത് എത്രമാത്രം നമ്മളെ ബാധിക്കും, ഏതുവിധത്തിലാണ് നമ്മൾ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കേണ്ടത് എന്ന് തീരുമാനിക്കും. ഏതായാലും ഇതുസംബന്ധിച്ച് ഏറ്റവും വേഗത്തിൽ അന്നു ഞാൻ പറഞ്ഞതനുസരിച്ചാണ് ഈ കമ്മിറ്റി ഫോം ചെയ്യുന്നത്. കമ്മിറ്റിയോട് ഒരാഴ്ചയ്ക്കകം റിപ്പോർട്ട് തരാൻ പറഞ്ഞിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കും. അതുസംബന്ധിച്ച് ഒരാശങ്കയും വേണ്ട. നമ്മുടെ കൃഷിക്കാരുടെ താൽപ്പര്യങ്ങൾക്ക് എതിരാണെങ്കിൽ അവർക്ക് സംരക്ഷണം ലഭ്യമാക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കും.

(7) ചാലക്കുടി മുനിസിപ്പൽ ചെയർപേഴ്സനെ തടഞ്ഞുവച്ചതു സംബന്ധിച്ച്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ഇന്നലെ തീർത്തും നിർഭാഗ്യകരമായ ചില സംഭവങ്ങൾ നടന്നു. ഒരു വനിതയാണ് ചാലക്കുടിയിലെ ഇപ്പോഴത്തെ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി മേരി നളൻ. അവരെ അവരുടെ ചേമ്പറിൽ പ്രതിപക്ഷ കൗൺസിലർമാർ ഇന്നലെ മണിക്കൂറുകളോളം തടഞ്ഞുവയ്ക്കുകയും ഒടുവിൽ പോലീസ് എത്തി തടവിൽ നിന്നും രക്ഷപ്പെടുത്തുകയുമാണുണ്ടായത്. ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ഇത് ആദ്യത്തെ അനുഭവമല്ല. ഇതിനുമുമ്പ് മറ്റൊരു വനിതയായിരുന്നു ചെയർപേഴ്സൺ ശ്രീമതി കൊച്ചുത്രേസ്യാ തോമസ്.

LIBRARY ARCHIVES Kerala Legislative Assembly